**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2321

**09.12.2014-** ൽ മറുപടിക്ക്

## പട്ടിക ജാതി/വർഗ്ഗത്തിൽപ്പെട്ടവരെ വായ്പാകുടിശിക തിരിച്ചടവിൽ നിന്നും ഒഴിവാക്കാൻ

**ചോദ്യം**

**ശ്രീ. കെ.രാധാകൃഷ്ണൻ :**

(എ) സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്തിട്ടുള്ള പട്ടിക ജാതി/വർഗ്ഗത്തിൽപ്പെട്ടവരെ വായ്പാകുടിശിക തിരിച്ചടവിൽ നിന്നും ഒഴിവാക്കുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതി നിലവിലില്ലെങ്കിൽ പട്ടികവിഭാഗത്തിൽപ്പെട്ടവർക്ക് പരമാവധി പ്രയോജനം ചെയ്യുന്നവിധം ആയത് നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

**മറുപടി**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി)

(എ) സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും വായ്പയെടുത്തിട്ടുള്ള പട്ടികജാതിക്കാർക്ക് കടാശ്വാസം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്.

(ബി) ഒന്നരലക്ഷം രൂപയോ അതിൽ താഴെയോ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2006-ൽ ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ വായ്പകളിൽ പരമാവധി 50,000/- രൂപാവരെയുള്ള കടാശ്വാസം സർക്കാർ ഏറ്റെടുത്ത് 10.12.2013 ലെ സ.ഉ(അച്ചടി) 99/13/പജപവ/വിവ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. 50,000/- രൂപയിൽ താഴെയുള്ള വായ്പകളിൽ മുതലും വായ്പാ സ്ഥാപനം ധനകാര്യ സ്ഥാപനത്തിന് നൽകാനുള്ള പലിശയും ഉൾപ്പെടെ 50,000/- രൂപ വരെ സർക്കാർ വഹിക്കുന്നതും ഇതിനുമുകളിൽ വരുന്ന പലിശ, പിഴപലിശ, മറ്റു ചെലവുകൾ എന്നിവ വായ്പാ സ്ഥാപനം എഴുതി തള്ളേണ്ടതും 50,000/- രൂപയ്ക്ക് മുകളിലുള്ള വായ്പകളിൽ മുതലും വായ്പാ സ്ഥാപനം ധനകാര്യ സ്ഥാപനത്തിന് നൽകാനുള്ള പലിശയും ഉൾപ്പെടെ 50,000/- രൂപ വരെ സർക്കാർ ബാധ്യതയും ഇതിനുമുകളിൽ വരുന്ന പിഴപലിശ, വായ്പ ഇടാക്കാനുണ്ടായിട്ടുള്ള ചെലവ്, ധനകാര്യ സ്ഥാപനത്തിന് നൽകേണ്ട പലിശയിൽ കൂടുതലായി വായ്പാ സ്ഥാപനം ഈടാക്കിയിട്ടുള്ള പലിശ എന്നിവ വായ്പാ സ്ഥാപനം എഴുതി തള്ളേണ്ടതും ശേഷിക്കുന്ന മുതൽ തുക വായ്പക്കാരന്റെ ബാധ്യതയുമായിരിക്കും. ടി പദ്ധതിയ്ക്കായി 12 കോടി രൂപ സർക്കാർ സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ